പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3535 24/06/2013-ൽ മറുപടിക്ക്

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി**

ചോദ്യം മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ : കുമാരി.പി.കെ.ജയലക്ഷ്മി
ശ്രീ.വി.പി.സജീന്ദ്രൻ (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
ശ്രീ.കെ.ശിവദാസൻ നായർ കാഴ്ചബംഗ്ളാവുകളും
ശ്രീ.ജോസഫ് വാഴക്കൻ മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗക്കാർക്കായി പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചി ട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ . ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പബ്ലിക് സ്കൂൾ മാതൃകയിൽ താമസ സൗകര്യത്തോടുകൂടിയുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുകയാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ ഉദ്ദേശ്യം. കൂടാതെ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരിശീലനവും, കലാകായിക അഭിരുചി വളർത്തുന്നതിനുള്ള പാഠ്യേതര പ്രവർത്തനങ്ങളും, വ്യക്തിത്വ വികസനവും ആത്മാഭിമാനവും വളർത്തി ഉത്തമ പൗരന്മാരാക്കുക എന്നതിനുള്ള അനുബന്ധ പരിപാടികളും മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ വഴി നടപ്പാക്കുന്നുണ്ട്. |
| (സി) | എന്തെല്ലാം കേന്ദ്ര സഹായ മാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | ആശ്രമം മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് ആൺ കുട്ടികളുടെ സ്ഥാപനത്തിന് 50 ശതമാനവും, പെൺകുട്ടികളുടെ സ്ഥാപനത്തിന് 100 ശതമാനവും കേന്ദ്രസഹായം ലഭിക്കുന്നു. ഏകലവ്യാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിനുള്ള ധനസഹായം കൂടാതെ ദൈനംദിന പ്രവർത്തന ങ്ങൾക്കുള്ള ചെലവിന്റെ നിശ്ചിത ഭാഗവും (ആർട്ടിക്കിൾ 275 പ്രകാരം) കേന്ദ്ര സഹായമായി ലഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | കണ്ണൂർ ജില്ലയിൽ ആറളത്ത് ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിൽ ആരംഭിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിനായി 1 ഹെക്ടർ സ്ഥലം വനാവകാശ നിയമപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു. അതുപോലെ ആറളത്ത് സ്കൂൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലത്ത് സ്കൂൾ ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിലെ കൊറഗ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ ക്ക ായി ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനായി കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നു. ആയതു നടപ്പു സാമ്പത്തിക വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ